SUNDAY 02/03/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Haripriya Devi (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 2/03/2025

1. പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കാൻ അപേക്ഷ ക്ഷണിച്ചു. പച്ചക്കറികൾക്കും പഴവർഗങ്ങൾക്കും പുറമെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഫാർമേഴ്സ്/ഫാർമർ പ്രൊഡ്യൂസഴ്സ് കമ്പനി, കൃഷിക്കൂട്ടങ്ങൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങളും ഹോർട്ടിസ്റ്റോറിൽ ലഭിക്കും. സംരംഭകർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിങ്), പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൊല്ലം വിലാസത്തിലോ, 9447472678. 6282339434, 9995058240,

2. വിതുര ജഴ്സി ഫാമില് പച്ച ചാണകം ഒരു ടണ്ണിന് 1500/- രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പര് 9495582387.

3. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് തൃശൂർ ജില്ലയിൽ അംശദായം സ്വീകരിക്കാൻ മാർച്ച് 6 മുതൽ 29 വരെ സിറ്റിങ് നടത്തും. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനും നിലവിലുള്ള അംഗങ്ങളുടെ അംശദായം സ്വീകരിക്കുന്നതിനും വേണ്ടി ജില്ലാഓഫിസിൽനിന്ന് സിറ്റിങ് നടത്തും. അംശദായം അടയ്ക്കാനെത്തുന്നവർ ആധാർ, ബാങ്ക്പാസ്സ്ബുക്ക് എന്നിവ കരുതണം. പുതിയ അംഗത്വം ആവശ്യമുള്ളവർ ജില്ലാ ഓഫിസുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകളുമായി എത്തണം. വിശദ വിവരത്തിന് ഫോൺ 0481 2585604.

നമ്പറുകളിലോ ബന്ധപ്പെടുക

4. വളർത്തുമൃഗങ്ങളുടെ ചികിത്സക്ക് അത്യാധുനിക സൗകര്യങ്ങളോടെ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റ് സജ്ജമായി. അടിയന്തര മൃഗചികിത്സാ സേവനം വീട്ടുമുറ്റത്തെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇതൊരുക്കിയത്. മൃഗങ്ങളെ ഉയർത്താനുള്ള ലിഫ്റ്റിങ് മെഷീൻ, പോർട്ടബിൾ എക്സ്റേ, അൾട്രാ സൗണ്ട് സ്കാനിങ്, ജീവൻരക്ഷാ മരുന്നുകൾ, ശസ്ത്രക്രിയ സൗകര്യങ്ങൾ എന്നിവയുൾപ്പെടെ ആംബുലൻസിൽ ലഭ്യമാണ്. രാവിലെ എട്ട് മുതൽ രാത്രി എട്ട് വരെയാണ് സേവനം. രണ്ട് വെറ്ററിനറി സർജൻമാർ, രണ്ട് അനിമൽ ഹാൻഡ്ലേഴ്സ് ഉൾപ്പെടെയുള്ള യൂണിറ്റ് രണ്ടു ഷിഫ്റ്റുകളിലായാണ് പ്രവർത്തിക്കുക. സേവനങ്ങൾക്കായി 1962 എന്ന ടോൾ ഫ്രീനമ്പറിൽ വിളിക്കാം.

5. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽ നിന്ന് കപ്പ് തൈകൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. മുക്കട സെൻട്രൽ നഴ്സറിയിൽനിന്നും കാഞ്ഞിക്കുളം, മഞ്ചേരി, ഉളിക്കൽ ആലക്കോട് കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിൽനിന്നും അംഗീകൃത റബ്ബറിനങ്ങളായ ആർആർഐഐ 105, ആർആർഐഐ 430, ആർആർഐഐ 414 എന്നിവയുടെ കപ്പുതൈകളാണ് വിതരണത്തിന് തയ്യാറായിട്ടുള്ളത്. മുക്കട സെൻട്രൽ നഴ്സറിയിൽ നിന്നും മേൽ ഇനങ്ങളുടെ ബഡ്ഡുവുഡ്ഡും ലഭ്യമാണ്. മുക്കട സെൻട്രൽ നഴ്സറി, ഉളിക്കൽ നഴ്സറി എന്നിവിടങ്ങളിൽ ക്രൗൺ ബഡ്ഡിങിന് ഉപയോഗിക്കുന്ന എഫ് എക്സ്. 516 എന്ന ഇനത്തിന്റെ ബഡ്ഡുവുഡ്ഡ് പരിമിതമായ തോതിൽ ലഭ്യമാണ്. തൈകൾ ആവശ്യമുള്ള കർഷകർ അടുത്തുള്ള റീജിയണൽ ഓഫീസിലോ നഴ്സറിയിലോ തന്നാണ്ടിലെ കരം അടച്ച രസീതിന്റെ കോപ്പി സഹിതം അപേക്ഷ നൽകണം. അപേക്ഷാഫോറം റബ്ബർബോർഡിന്റെ ഓഫീസുകളിൽ ലഭ്യമാണ്. www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ കോൾസെന്ററുമായോ (0481-2576622), മുക്കട സെൻട്രൽ നഴ്സറിയുമായോ (6282935868) ബന്ധപ്പെടാവുന്നതാണ്.`

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന 'Participatory Rural Appraisal" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ ഹ്യസ്വകോഴ്സിലെ പുതിയ ബാച്ച് 2025 മാർച്ച് 5 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കോഴ്സ് കൈകാര്യം ചെയ്യുന്നു. താൽപ്പര്യമുള്ളവർ മാർച്ച് 4 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താ- വുന്നതാണ്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 5 മുതൽ പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ.ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

7. .